2026
APRIL
27
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY




# ഉഷ്ണതരംഗം: പ്രതിരോധ നടപടികൾ ഊർജ്ജിതമാക്കാൻ തീരുമാനം

**തിരുവനന്തപുരം:** പ്രധാന മാർക്കറ്റുകൾ, ബസ്സ്റ്റാൻഡുകൾ എന്നീ പൊതു ഇടങ്ങളിൽ ആവശ്യത്തിന് വെള്ളം, ഒ ആർ എസ്, സൂര്യാഘാത പ്രഥമശുശ്രൂഷ സൗകര്യങ്ങൾ എന്നിവ ഒരുക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന് ഓൺലൈൻ ഉന്നതതല യോഗത്തിൽ തീരുമാനിച്ചു. ആരോഗ്യ കേന്ദ്രത്തിലെ ജീവനക്കാർ, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സർവ്വീസ്, ട്രേഡ് യൂണിയൻ, സന്നദ്ധ സംഘടനകൾ എന്നിവർ ഇക്കാര്യത്തിൽ ഏകോപിതമായ പ്രവർത്തനം നടത്തണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. മാർക്കറ്റുകൾ, മറ്റു പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ താൽക്കാലിക തണൽ പന്തലുകൾ സ്ഥാപിക്കണം. സാധ്യമായ ഇടങ്ങളിൽ ട്രാഫിക് സിഗ്നൽ സമയ ദൈർഘ്യം കുറയ്ക്കുന്നതു സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഉഷ്ണതരംഗ മുന്നറിയിപ്പുള്ള ഘട്ടങ്ങളിൽ പൊതു പരിപാടികൾ, സെലക്ഷൻ ട്രയലുകൾ, പകൽപ്പൂരങ്ങൾ, കലാകായിക പരിപാടികൾ തുടങ്ങിയ പരിപാടികൾക്ക് കർശനമായ നിയന്ത്രണങ്ങളും വിലക്കുകളും ഏർപ്പെടുത്തും. വഴിയോരങ്ങളിലും കവലകളിലും ബസ് കാത്തിരിപ്പ് കേന്ദ്രങ്ങളിലും ഓട്ടോ ടാക്സി സ്റ്റാൻഡുകളിലും തണ്ണീർ പന്തലുകൾ സ്ഥാപിക്കും. സഹകരണ സ്ഥാപനങ്ങൾ ബന്ധപ്പെട്ട പ്രദേശങ്ങളിൽ സൗജന്യമായി തണ്ണീർ പന്തൽ ഒരുക്കുന്നുണ്ട്. കുടിവെള്ളം, സാധ്യമാണെങ്കിൽ സംഭാരം, തണ്ണിമത്തൻ തുടങ്ങിയവയും ലഭ്യമാക്കുന്ന ജനകീയ സംവിധാനമൊരുക്കാൻ ശ്രമിക്കണം. കുടുംബശ്രീ, സഹകരണ സ്ഥാപനങ്ങൾ, യുവജന സംഘടനകൾ, ക്ലബ്ബുകൾ, മറ്റു സർവ്വീസ്, സന്നദ്ധ, ട്രേഡ് യൂണിയൻ സംഘടനകൾ തുടങ്ങിയവരെല്ലാം ചേർന്ന് പരമാവധി സ്ഥലങ്ങളിൽ ഇത് നടപ്പിലാക്കണം.

മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ പങ്കാളിത്തത്തോടെ കാലാവസ്ഥാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. താപനില, മഴ, ആർദ്രത, ജലനിരപ്പ് തുടങ്ങിയ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ ശേഖരിക്കാനും പ്രാദേശികമായി അത് പ്രദർശിപ്പിക്കാനും അതുവഴി കാലാവസ്ഥാ സാക്ഷരത സൃഷ്ടിക്കാനുമാവണം. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ഇതിനായി പണം അനുവദിക്കുന്നത് പരിഗണിക്കും. ആദ്യ ഘട്ടത്തിൽ വയനാട് ജില്ലയ്ക്കായി തയ്യാറാക്കിയ പദ്ധതി ഉടനടി നടപ്പിലാക്കാൻ ദുരന്ത നിവാരണ വകുപ്പ് മുൻകൈ എടുക്കണം. മഴ മാപിനികൾ സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ദുരന്ത നിവാരണ അതോറിറ്റി ഈ മൺസൂണിന് മുന്നേ പൂർത്തീകരിക്കണം. അതിനാവശ്യമായ ഫണ്ട് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി കണ്ടെത്തണം. സ്കൂളുകളിൽ സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ മാപിനികളുടെ പ്രവർത്തനം അടുത്ത തലത്തിലേക്ക് ഉയർത്തുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും വിദ്യഭ്യാസ വകുപ്പും ചേർന്ന് പദ്ധതി തയ്യാറാക്കുന്നുണ്ട്. നിലവിലുള്ള സാധാരണ വെതർ സ്റ്റേഷനുകളിൽ നിരന്തരമായ പരിപാലനവും വിവരശേഖരണവും ഉറപ്പ് വരുത്തണം. അതോടൊപ്പം ദുരന്ത സാധ്യത കൂടിയ ഇടങ്ങളിൽ ഓട്ടോമാറ്റിക് മാപിനികൾ കൂടി സ്ഥാപിച്ചു കൊണ്ടുമുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ദുരന്ത നിവാരണ അതോറിറ്റി മുൻകൈയെടുക്കണം. തിരഞ്ഞെടുത്ത ആശുപത്രികളിൽ നൂതന സൗകര്യങ്ങളോടു കൂടിയ സ്ഥിരം ഹീറ്റ് ആൻഡ് ബേൺ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് ആരോഗ്യവകുപ്പ് ശ്രദ്ധിക്കണം.

സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികളും താപ പ്രതിരോധ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഹീറ്റ് റെസിലിയന്റ് കെട്ടിടങ്ങളാക്കി മാറ്റും. കൂൾ റൂഫ്, വെന്റിലേഷൻ തുടങ്ങിയവ ഉറപ്പ് വരുത്തി കൊാവും ഇത് ചെയ്യുക. ഇതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും എനർജി മാനേജ്മെന്റ് സെന്ററും ചേർന്ന് തയ്യാറാക്കിയ പദ്ധതി വനിതാശിശുക്ഷേമ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കും. ആവശ്യമായ സ്കൂളുകളിലേക്കും ഇത് വ്യാപിപ്പിക്കും. ആരോഗ്യ കേന്ദ്രങ്ങളെ ഹീറ്റ് റെസിലിയന്റ് കെട്ടിടങ്ങളാക്കി മാറ്റാൻ നടപടികൾ സ്വീകരിക്കണം. വരും വർഷങ്ങളിലും ചൂട് വർദ്ധിക്കുമെന്നുള്ള പ്രവചനങ്ങൾ ഗൗരവമായി കണ്ട് മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പ്രാദേശിക ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കണം. ദീർഘവീക്ഷണത്തോടെയുള്ള ദീർഘകാല പദ്ധതികൾ ഓരോ പ്രദേശത്തെയും ദുരന്ത സാധ്യത ലഘൂകരിക്കുന്നതിന് വേണ്ടി തയ്യാറാക്കി നടപ്പിലാക്കുകയും വേണം. ഇതിനായി സംസ്ഥാന ദുരന്ത പ്രതിരോധ നിധിയിൽ (എസ്ഡിഎംഎഫ്) നിന്ന് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കും. വൈദ്യുതി വിതരണം മുടങ്ങുന്നത് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കും എന്നതിനാൽ വൈദ്യുതി തടസ്സങ്ങളില്ലാതെ ലഭ്യമാക്കാൻ കെഎസ്ഇബി പരമാവധി ശ്രമിക്കണം. വരും വർഷങ്ങളിലും ചൂട് കൂടുമെന്ന മുന്നറിയിപ്പിന്റെയും സംസ്ഥാനത്ത് എയർകണ്ടീഷണറുകളുടെ ഉപയോഗം വലിയ തോതിൽ ഇനിയും വർധിക്കാനുള്ള സാധ്യതയും മുന്നിൽ കണ്ടുകൊണ്ടുള്ള ആസൂത്രണം നടത്തണം.

വരൾച്ച വ്യാപകമായ സാഹചര്യത്തിൽ സംസ്ഥാനത്തൊട്ടാകെ ജല ലഭ്യത ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാൻ വാട്ടർ അതോറിറ്റി പ്രത്യേകം ശ്രദ്ധിക്കണം. ഇക്കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ എടുക്കണം. അടിയന്തര നടപടികൾക്കായി ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതികരണ പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായം ലഭ്യമാക്കും.

ചൂട് അധികമായതു കാരണം ഇഴജന്തുക്കൾ തണുപ്പുള്ള പ്രദേശം തേടി പോകുന്ന സമയമാണിത്. വീടും പരിസര പ്രദേശങ്ങളും പാമ്പുകൾ കയറാതിരിക്കാൻ ജാഗ്രത പാലിക്കണം. പാമ്പുകടി ഏറ്റാൽ സമയോചിതമായ ചികിത്സ ലഭ്യമാക്കാൻ എല്ലാ സംവിധാനവും ആരോഗ്യവകുപ്പ് ഒരുക്കണം. കൂടുതൽ ആരോഗ്യകേന്ദ്രങ്ങളിൽ ആന്റിവെനം ലഭ്യമാക്കാൻ ആരോഗ്യവകുപ്പ് ശ്രദ്ധിക്കണം. പാമ്പുകടിയേറ്റാലുള്ള പ്രഥമ ശുശ്രൂഷ സംബന്ധിച്ച അവബോധം പൊതുജനങ്ങൾക്ക് ലഭ്യമാക്കണം. സ്നേക്ക് റെസ്ക്യൂവേഴ്സിന്റെ സേവനം വനം വകുപ്പ് നല്ലരീതിയിൽ ഉറപ്പുവരുത്തണം.

അത്യാവശ്യ ഘട്ടങ്ങളിൽ തീരുമാനങ്ങളെടുത്ത് നടപടി സ്വീകരിക്കാൻ ചീഫ് സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി. യോഗത്തിൽ മന്ത്രിമാരായ കെ രാജൻ, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ, വി എൻ വാസവൻ, എം ബി രാജേഷ്, വീണാ ജോർജ്, ചീഫ് സെക്രട്ടറി ഡോ. എ ജയതിലക്, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ എം എബ്രഹാം, സംസ്ഥാന പോലീസ് മേധാവി റവാഡ ചന്ദ്രശേഖർ, ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## സെൻസസ് ഡിജിറ്റൽ രീതിയിൽ രണ്ട് ഘട്ടമായി; ജൂൺ 16 മുതൽ സെൽഫ് എന്യുമറേഷൻ

**തിരുവനന്തപുരം:** കേരളത്തിൽ 2027ലെ സെൻസസ് രണ്ടു ഘട്ടങ്ങളിലായി പൂർണമായും ഡിജിറ്റൽ രീതിയിൽ നടത്തും. ആദ്യഘട്ടമായി ഹൗസ് ലിസ്റ്റിംഗും ഹൗസിംഗ് സെൻസസും ജൂലൈ 1 മുതൽ 30 വരെ നടക്കും. ഇതിന് മുന്നോടിയായി ജൂൺ 16 മുതൽ 15 ദിവസത്തേക്ക് സെൽഫ് എന്യുമറേഷൻ ആരംഭിക്കും. രണ്ടാംഘട്ടമായ ജനസംഖ്യാ കണക്കെടുപ്പ് 2027 ഫെബ്രുവരിയിൽ നടക്കും. ഡിജിറ്റൽ സെൻസസിന്റെ ഭാഗമായി എന്യുമറേറ്റർ മൊബൈൽ ആപ്പിലൂടെ വിവരശേഖരണം നടത്തും. സെൻസസ് മാനേജ്മെന്റ് ആൻഡ് മോണിറ്ററിങ് സിസ്റ്റം (CMMS), ഹൗസ് ലിസ്റ്റിംഗ് ബ്ലോക്ക് കാർവിങ് (HLBC) എന്നീ വെബ് പോർട്ടലുകൾ, എച്ച്എൽഒ ആപ്പ്, സെൽഫ് എന്യുമറേഷൻ പോർട്ടൽ എന്നിവയാണ് ഇതിനായി ഉപയോഗിക്കുന്നത്. വീടുകളുടെ അവസ്ഥ, സൗകര്യങ്ങൾ, ആസ്തികൾ എന്നിവയുമായി ബന്ധപ്പെട്ട 33 ചോദ്യങ്ങളടങ്ങിയ വിവരശേഖരണമാണ് ആദ്യഘട്ടത്തിൽ നടക്കുക. ഏപ്രിൽ 18ന് പ്രിൻസിപ്പൽ സെൻസസ് ഓഫീസർമാരുടെ സംസ്ഥാനതല കോൺഫറൻസ് ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകിന്റെ അധ്യക്ഷതയിൽ നടന്നു. പ്ലാനിങ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ശർമിള മേരി ജോസഫ്, ഡി ഐ ജി എസ്. അജിത ബീഗം, പൊതുഭരണ വകുപ്പ് സെക്രട്ടറിയും സംസ്ഥാന സെൻസസ് നോഡൽ ഓഫീസറുമായ കെ. ബിജു എന്നിവർ പങ്കെടുത്തു.






സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്നത്തെ പരിപാടി

## കൊച്ചി

- **എറണാകുളം പ്രസ് ക്ലബ്ബ്:** തൃപ്പൂണിത്തുറ എം.എൽ.എ കെ ബാബുവിന് ആദരം രാവിലെ 11.30 ന്
- **ഫോർട്ട് കൊച്ചി അമരാവതി ശ്രീമദ് ജനാർദ്ദനസ്വാമി ക്ഷേത്രം :** ആറാട്ട് മഹോത്സവം വൈകിട്ട് 7ന് തെക്കുംഭാഗം ദിഗ്വിജയം.
- **ചാവറ കൾച്ചറൽ സെന്റർ :** നടരാജഗുരു അനുസ്മരണവും പി. ആർ ശ്രീകുമാർ എഴുതിയ നടരാജഗുരു സച്ഛിഷ്യനും സദ്ഗുരുവും ജീവചരിത്രപുസ്തകം പ്രകാശിപ്പിക്കലും വൈകിട്ട് 5ന്. ഡോ.എം വി നടേശൻ അനുസ്മരണ പ്രഭാഷണം നടത്തും. നടരാജഗുരുവിന്റെ സമകാലിക പ്രസക്തി എന്ന വിഷയത്തിൽ ആർ പ്രദീപ് കുമാർ സംസാരിക്കും.

## പിറവം

- **കളമ്പുക്കാവ് ദേവീക്ഷേത്രം :** പത്താമുദയം ഉത്സവം രാവിലെ 6ന്.

## തൃപ്പൂണിത്തുറ

- **തൃപ്പൂണിത്തുറ വടക്കേകോട്ട സെന്റ് ജോസഫ് പള്ളി :** വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലി, ലദീഞ്ഞ് രാവിലെ 6.30ന്. ഫാ.ജോർജ് ജിത്തു വട്ടാപ്പിള്ളി മുഖ്യ കാർമ്മികനാകും, വചനപ്രഘോഷണം ഫാ. ജോസഫ് താമരവെളി. വൈകിട്ട് 7ന് കലാസന്ധ്യ.

## അങ്കമാലി

- **ചമ്പന്നൂർ ശ്രീ വെട്ടിപ്പുഴക്കാവ് ഭഗവതി ക്ഷേത്രം :** പ്രതിഷ്ഠാദിന മഹോത്സവം രാവിലെ 7ന്.

## പനങ്ങാട്

- **സ്വയംഭൂ മഹാഗണപതിക്ഷേത്രം :** ഭാഗവതസപ്താഹ യജ്ഞം രാവിലെ 6ന്.

## ആരക്കുന്നം

- **ഊഴക്കോട് സെന്റ് ജോർജ്, സെന്റ് ഗ്രിഗോറിയോസ് ചാപ്പൽ :** വി. ഗീവർഗീസ് സഹദായുടെ ഓർമ്മ പെരുന്നാൾ. രാവിലെ 7.15ന്.

# മോട്ടോർ വാഹന പിഴയിൽ 50 ശതമാനം ഇളവ്; അദാലത്ത് ഇന്ന് മുതൽ 30 വരെ

**കൊച്ചി:** മോട്ടോർ വാഹന നിയമലംഘനങ്ങളുമായി ബന്ധപ്പെട്ട പിഴ തുകകൾ പകുതി അടച്ച് തീർപ്പാക്കാൻ പൊതുജനങ്ങൾക്ക് അവസരമൊരുങ്ങുന്നു. സർക്കാരിന്റെ 'അമ്നസ്റ്റി സ്കീം 2026' ഈ മാസം 30-ന് അവസാനിക്കുന്ന സാഹചര്യത്തിൽ, കുടിശ്ശികയുള്ള ചെലാനുകൾ തീർപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് പ്രത്യേക ഇ-ചെലാൻ അദാലത്ത് സംഘടിപ്പിക്കുന്നു. ഏപ്രിൽ 27 മുതൽ 30 വരെ കാക്കനാട് സിവിൽ സ്റ്റേഷനിലെ താഴത്തെ നിലയിലുള്ള എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലാണ് അദാലത്ത് . രാവിലെ 10.30 മുതൽ വൈകുന്നേരം 5 വരെ പൊതുജനങ്ങൾക്ക് ഈ സേവനം പ്രയോജനപ്പെടുത്താം.

2024 ഡിസംബർ 31 വരെ കേരള മോട്ടോർ വാഹന വകുപ്പും പൊലീസും ചുമത്തിയിട്ടുള്ളതും നിലവിൽ കോടതികളിലേക്ക് കൈമാറാത്തതുമായ ചെലാനുകൾക്കാണ് 50 ശതമാനം ഇളവ് ലഭിക്കുക.

സാങ്കേതിക കാരണങ്ങളാൽ പിഴ അടയ്ക്കാൻ കഴിയാത്തവർക്ക് ഈ അവസരം ഏറെ ആശ്വാസകരമാകും. അദാലത്തിന് നേരിട്ട് എത്താൻ സാധിക്കാത്തവർക്ക് മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ് പോർട്ടലായ https://services.mvd.kerala.gov.in സന്ദർശിച്ചും ഇളവുകളോടെ പിഴയടച്ച് കേസുകൾ തീർപ്പാക്കാവുന്നതാണെന്ന് എറണാകുളം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ അറിയിച്ചു.

# ലോക മലമ്പനി ദിനാചരണം നടത്തി

**കൊച്ചി:** ലോകമലയേറിയ ദിനാചരണത്തിന്റെ ഭാഗമായി ജില്ലയിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളുടെയും, ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെയും നേതൃത്വത്തിൽ അതിഥി തൊഴിലാളികൾക്കായി സ്ക്രീനിംഗ് ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസുകൾ, തൊഴിലിടങ്ങൾ കേന്ദ്രീകരിച്ച് രോഗപ്രതിരോധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി.

എല്ലാ വർഷവും ഏപ്രിൽ 25 ലോക മലമ്പനി ദിനമായി ആചരിച്ചുവരുന്നു. മലമ്പനിയെ നിയന്ത്രിക്കാനും ആത്യന്തികമായി തുടച്ചുനീക്കാനുമുള്ള പ്രവർത്തനങ്ങളെക്കുറിച്ച് അവബോധം വളർത്തുന്നതിനായാണ് ഈ ദിനം ആചരിക്കുന്നത്. 'മലമ്പനി ഇല്ലാതാക്കാൻ ഇപ്പോൾ നമുക്ക് കഴിയും നമ്മൾക്ക് ചെയ്യാം' എന്നതാണ് ഈ വർഷത്തെ ലോക മലമ്പനി ദിനാചരണ സന്ദേശം.

അനോഫിലിസ് വിഭാഗത്തിൽപ്പെട്ട കൊതുകുകളാണ് മലമ്പനി പരത്തുന്നത്. പനിയോടൊപ്പം ശക്തമായ കുളിരും തലവേദനയും പേശി വേദനയുമാണ് മലമ്പനിയുടെ പ്രാരംഭ ലക്ഷണങ്ങൾ. വിറയലോടുകൂടി ആരംഭിച്ച് ശക്തമായ പനിയും കുളിരും ദിവസേനയോ ഒന്നിടവിട്ടുള്ള ദിവസങ്ങളിലോ മൂന്നുദിവസം കൂടുമ്പോഴോ ആവർത്തിക്കുക, മനംപുരട്ടൽ, ഛർദ്ദി, ചുമ, ത്വക്കിലും കണ്ണിലും മഞ്ഞ നിറം എന്നിവയും ഉണ്ടാകാറുണ്ട്.

പനി, ശക്തമായ തലവേദന എന്നീ ലക്ഷണങ്ങൾ മാത്രമായും മലമ്പനി കാണാറുണ്ട്. കേരളത്തിന് പുറത്തുപോയി വരുന്നവരും രോഗലക്ഷണങ്ങൾ സംശയിക്കുന്നവരും മലമ്പനിക്കുള്ള രക്തപരിശോധന നടത്തണം. രക്ത പരിശോധനയിലൂടെ മലമ്പനി രോഗം നിർണയിക്കാൻ സാധിക്കും. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രി പബ്ലിക് ഹെൽത്ത് ലബോറട്ടറിയിലും ഇതിനുള്ള സൗകര്യം ലഭ്യമാണ്.

അംഗീകൃത ചികിത്സാ മാർഗ്ഗരേഖ പ്രകാരം മലമ്പനിക്കെതിരായ ഫലപ്രദമായ സമ്പൂർണ്ണ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും തികച്ചും സൗജന്യമായി ലഭ്യമാണ്. ആരംഭത്തിലേ രോഗം കണ്ടുപിടിച്ച് സമ്പൂർണ്ണ ചികിത്സ ഉറപ്പാക്കുക, കൊതുകുകടി ഏൽക്കാതിരിക്കുവാനായി വ്യക്തിഗത സുരക്ഷാമാർഗ്ഗങ്ങൾ സ്വീകരിക്കുക, വീടിനുള്ളിലും പരസരങ്ങളിലും വെള്ളം കെട്ടിനിന്ന് കൊതുകു മുട്ടയിട്ട് പെരുകുന്നതിനുള്ള സാഹചര്യം ഒഴിവാക്കുക, കൊതുകു വളരാൻ സാധ്യതയുള്ള ജലശേഖരങ്ങളിലും മറ്റും കൂത്താടികളെ ഭക്ഷിക്കുന്ന ഗപ്പി, ഗാംബൂസിയ തുടങ്ങിയ ചെറു മത്സ്യങ്ങളെ നിക്ഷേപിക്കുക. കിണറുകളും ടാങ്കുകളും കൊതുകു കടക്കാത്ത വിധം വലകൊണ്ട് മൂടി സംരക്ഷിക്കുക, തീരപ്രദേശത്ത് സൂക്ഷിക്കുന്ന ഉപയോഗിക്കാത്ത ബോട്ടുകളിൽ വെള്ളം കെട്ടി നിന്ന് കൂത്താടികൾ പെരുകാതിരിക്കാൻ ശ്രദ്ധിക്കുക, റോഡ്/കെട്ടിട നിർമ്മാണം നടക്കുന്ന സ്ഥലങ്ങളിലും ജല ദൗർലഭ്യമുള്ള സ്ഥലങ്ങളിലും വെള്ളം സൂക്ഷിച്ചിരിക്കുന്ന ടാങ്കുകളിലും പാത്രങ്ങളിലും കൊതുക് കടക്കാത്ത വിധം അടച്ചു സൂക്ഷിക്കുകയും കൊതുക് വളരുന്നില്ലായെന്നുറപ്പാക്കുക.

ശരീരം മൂടുന്ന വിധത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുന്നതും കൊതുകുവലയ്ക്കുള്ളിൽ കിടന്നുറങ്ങുന്നതും കൊതുകിനെ അകറ്റുന്ന ലേപനങ്ങൾ കൊതുക് തിരികൾ എന്നിവ ഉപയോഗിക്കുന്നതും വ്യക്തിഗത സുരക്ഷാ മാർഗങ്ങളാണ്. എയർഹോളുകൾ, വാതിലുകൾ, ജനലുകൾ എന്നിവിടങ്ങളിൽ കൊതുക് കടക്കാത്ത വിധം കമ്പിവല അടിച്ചു സുരക്ഷിതമാക്കുന്നത് വളരെ ഫലപ്രദമാണ്.

# പാവക്കുളത്ത് ഗോദാനം നടത്തി ദമ്പതികൾ

**കൊച്ചി:** എറണാകുളം കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ വെച്ചൂർ പശുക്കളെ സമർപ്പിച്ച് ദമ്പതികൾ. അഡ്വ. ഷിൻജോയ്, ജീജ ഭായ് എന്നീ ദമ്പതികളാണ് രണ്ട് വെച്ചൂർ പശുക്കളെ പാവക്കുളം ശ്രീമഹാദേവർക്ക് സമർപ്പിച്ചത്. സമർപ്പണ ചടങ്ങിനോടനുബന്ധിച്ച് ക്ഷേത്രം തന്ത്രിയുടെ മുഖ്യകാർമ്മികത്വത്തിൽ പ്രത്യേക പൂജകൾ നടന്നു. ഗോദാനം നടത്തി മാതൃകയായ ദമ്പതികളെ വിശ്വഹിന്ദു പരിഷത്ത് ഭാരവാഹികൾ പൊന്നാട അണിയിച്ച് ആദരിച്ചു. വിശ്വഹിന്ദു പരിഷത്ത് ദേശീയ ജോയിന്റ് സെക്രട്ടറി സ്ഥാണു മാലയൻ ഗോസംരക്ഷണ പ്രഭാഷണം നടത്തി. സംസ്ഥാന സംഘടനാ സെക്രട്ടറി കെ. ആർ. കണ്ണൻ, സംസ്ഥാന ജോയിന്റ് സെക്രട്ടറി അഭിനു സുരേഷ്, സംസ്ഥാന ട്രഷറർ വി. ശ്രീകുമാർ, സംസ്ഥാന സമിതി അംഗങ്ങളായ അഭിനു സുരേഷ്, ബജ്രംഗ്ദൾ ജില്ലാ അധ്യക്ഷൻ ശ്രീകുമാർ, ജില്ലാ സെക്രട്ടറി പി. കെ ജയേഷ് , ജില്ലാ സമ്പർക്ക പ്രമുഖ് മുരളി കൃഷ്ണൻ തുടങ്ങിയവർ പങ്കെടുത്തു. വംശനാശഭീഷണി നേരിടുന്ന നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനും ക്ഷേത്ര ആചാരങ്ങൾക്ക് ശുദ്ധമായ പാൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടാണ് ഗോദാനം നടത്തിയത്.



*എറണാകുളം കലൂർ പാവക്കുളം ശ്രീ മഹാദേവ ക്ഷേത്രത്തിൽ ദമ്പതികളായ അഡ്വ. ഷിൻജോയ്, ജീജ ഭായ് എന്നിവർ ചേർന്ന് പശുക്കളെ സമർപ്പിക്കുന്നു. വിശ്വഹിന്ദു പരിഷത്ത് ദേശീയ ജോയിന്റ് സെക്രട്ടറി സ്ഥാണുമാലയൻ, ക്ഷേത്രം മേൽശാന്തി ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി തുടങ്ങിയവർ സമീപം.*

# വേനൽക്കാലം: ആരോഗ്യ സംരക്ഷണത്തിന് ജാഗ്രതയും ഹോമിയോപ്പതിയും

കേരളത്തിൽ വേനൽക്കാലം ശക്തമാകുന്നതോടെ ചൂട് മൂലമുള്ള ആരോഗ്യപ്രശ്നങ്ങളും വർധിക്കുന്നതായി ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവർ മുന്നറിയിപ്പ് നൽകുന്നു. ശരീരത്തിലെ ജലാംശം കുറഞ്ഞതോടെ ക്ഷീണം, തലവേദന, ചൂടേറ്റുപോകൽ (Heattsroke), ത്വക്ക് പ്രശ്നങ്ങൾ എന്നിവ സാധാരണയായി കണ്ടുവരുന്നു. ഈ സാഹചര്യത്തിൽ വ്യക്തിഗത മുൻകരുതലുകൾക്കൊപ്പം ഹോമിയോപ്പതിയും സഹായകരമാകുന്നു.

വേനൽക്കാലത്ത് ഏറ്റവും പ്രധാനമായി ശ്രദ്ധിക്കേണ്ടത് ശരിയായ ജലസേവനമാണ്. ദിവസേന മതിയായ അളവിൽ വെള്ളം കുടിക്കുന്നതോടൊപ്പം തേങ്ങാവെള്ളം, നാരങ്ങാവെള്ളം, മോർ തുടങ്ങിയവ ഉൾപ്പെടുത്തുന്നത് ശരീരത്തിലെ ഇലക്ട്രോളൈറ്റ് നിലനിലനിർത്താൻ സഹായിക്കുന്നു. ചൂട് കൂടുതലുള്ള സമയങ്ങളിൽ പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കുകയും, ലഘുവായ വസ്ത്രങ്ങൾ ധരിക്കുകയും ചെയ്യേതാണ്. ഭക്ഷണത്തിൽ മിതത്വം പാലിക്കുക എന്നത് വേനൽക്കാലത്ത് അത്യാവശ്യമാണ്. തണ്ണിമത്തൻ, വെള്ളരിക്ക പോലുള്ള ജലസാന്ദ്രത കൂടുതലുള്ള ഭക്ഷണങ്ങൾ ശരീരത്തെ തണുപ്പിക്കുകയും ശരീരത്തിൽ വെള്ളത്തിന്റെ അളവ് നില നിർത്തുകയും ചെയ്യുന്നു. വ്യക്തിഗത ശുചിത്വം പാലിക്കുന്നത് ത്വക്ക് രോഗങ്ങൾ ഒഴിവാക്കാൻ സഹായിക്കുന്നു.

ഹോമിയോപ്പതിയിൽ വേനൽക്കാലവുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങൾക്കും ഫലപ്രദമായ ചികിത്സകൾ ലഭ്യമാണ്. ചൂട് മൂലമുള്ള ക്ഷീണം, തലവേദന, അതിയായ ദാഹം, ശരീരത്തിലെ ജലക്ഷയം തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടായാൽ രോഗിയുടെ വ്യക്തിഗത ലക്ഷണങ്ങളെ അടിസ്ഥാനമാക്കി അനുയോജ്യമായ ഔഷധങ്ങൾ തിരഞ്ഞെടുക്കുന്നു. ഉദാഹരണത്തിന്, അമിത ദാഹവും ക്ഷീണവും ഉള്ളവർക്ക് അനുയോജ്യമായ മരുന്നുകളും, സൂര്യാഘാതം മൂലമുള്ള തലവേദനക്കും ശരീരവേദനക്കും പ്രത്യേകമായി നിർദ്ദേശിക്കുന്ന മരുന്നുകളും ഹോമിയോപ്പതിയിൽ ഉണ്ട്. ചൊറിച്ചിൽ, ചൂടുകുരു, അലർജി തുടങ്ങിയവക്കും ഹോമിയോപ്പതി നല്ല ഫലങ്ങൾ നൽകുന്ന ചികിത്സാ രീതിയാണ്. പ്രധാനമായും, രോഗിയുടെ ശരീരഘടനയും മാനസികാവസ്ഥയും പരിഗണിച്ച് ചികിത്സ നൽകുന്നു എന്നതാണ് ഹോമിയോപ്പതിയുടെ പ്രത്യേകത.



വേനൽക്കാല ആരോഗ്യസംരക്ഷണത്തിൽ മുൻകരുതലുകൾക്കും, ജീവിതശൈലി നിയന്ത്രണത്തിനും ഒപ്പം ഹോമിയോപ്പതി ചികിത്സയും ഉൾപ്പെടുത്തുന്നത് ആരോഗ്യകരമായ ജീവിതത്തിനുള്ള നല്ല മാർഗമാണ്. ഈ വിഷയത്തിൽ പൊതുജനങ്ങൾ കൂടുതൽ ബോധവൽക്കരണം നൽകേണ്ട ത് അത്യാവശ്യമാണ്.

*ലേഖനം തയ്യാറാക്കിയത്*
*ഡോ. എ. നസ്റിൻ (ഇന്ത്യൻ ഹോമിയോപതിക് മെഡിക്കൽ അസോസിയേഷൻ സംസ്ഥാന വുമൺസ് വിംഗ് ചെയർപേഴ്സൺ*

# വേനൽക്കാലത്തെ പാമ്പ് ശല്യം: പൊതുജനങ്ങൾ ജാഗ്രത പാലിക്കണം

കടുത്ത വേനൽച്ചൂട് അനുഭവപ്പെടുന്ന സാഹചര്യത്തിൽ പാമ്പുകൾ തണുപ്പ് തേടി വീടുകളിലേക്കും ജനവാസ മേഖലകളിലേക്കും എത്താൻ സാധ്യതയുള്ളതിനാൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു.

## പ്രധാന മുൻകരുതലുകൾ

വീടിനോട് ചേർന്നുള്ള പുൽക്കാടുകൾ, കരിയിലക്കൂട്ടങ്ങൾ, വിറക് കൂട്ടിയിട്ടിരിക്കുന്ന ഇടങ്ങൾ എന്നിവ കൃത്യമായി വൃത്തിയാക്കുക. വീടിന്റെ വാതിലുകൾക്കും ജനാലകൾക്കും താഴെയുള്ള വിടവുകൾ അടയ്ക്കുക. ചൂട് കാരണം ജനലുകൾ തുറന്നിടുമ്പോൾ നെറ്റുകൾ ഉപയോഗിക്കുന്നത് പാമ്പുകൾ ഉള്ളിൽ കടക്കുന്നത് തടയാൻ സഹായിക്കും.

കിണറ്റിൽ നിന്നും വെള്ളം കോരുന്നതിന് മുൻപ് കയറിലോ കപ്പിയിലോ പാമ്പോ മറ്റ് ഇഴജന്തുക്കളോ ഇല്ലെന്ന് ഉറപ്പുവരുത്തുക. ഭക്ഷണാവശിഷ്ടങ്ങൾ അലക്ഷ്യമായി ഇടുന്നത് എലികളെ ആകർഷിക്കും. എലികളെ തേടി പാമ്പുകൾ വീടിനുള്ളിൽ എത്താൻ ഇത് കാരണമാകും. രാത്രിയിൽ പുറത്തിറങ്ങുമ്പോൾ നിർബന്ധമായും ടോർച്ച് കരുതുക. ഹെൽമെറ്റ്,
ഷൂസ്, ചെരുപ്പുകൾ എന്നിവ വീടിന് പുറത്ത് അഴിച്ചു വയ്ക്കുന്നവർ അവ ധരിക്കുന്നതിന് മുമ്പ് പാമ്പുകൾ കയറിയിരിക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ നന്നായി കുടഞ്ഞു നോക്കുക. വാഹനങ്ങളിൽ ഇഴ ജന്തുക്കൾ കയറിയിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

വേനൽക്കാലത്ത് തറയിൽ പായ വിരിച്ച് ഉറങ്ങുന്നവർ പ്രത്യേകം ശ്രദ്ധിക്കുക. വെള്ളിക്കെട്ടൻ പോലുള്ള പാമ്പുകൾ തണുപ്പ് തേടി കിടക്കയിലേക്ക് വരാൻ സാധ്യതയുണ്ട്. കട്ടിലിലോ കൊതുകുവലയ്ക്കുള്ളിലോ ഉറങ്ങുന്നതാണ് സുരക്ഷിതം. വീടിന്റെ വരാന്തയിലും ഉമ്മറത്തും വച്ചിരിക്കുന്ന ചെടിച്ചട്ടികൾക്കിടയിൽ നനവും തണുപ്പും ഉള്ളതിനാൽ പാമ്പുകൾ ഒളിച്ചിരിക്കാൻ സാധ്യതയുണ്ട്.

## പ്രഥമ ശുശ്രൂഷ

ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേയ്ക്ക് വിഷം വ്യാപിക്കുന്നത് പരമാവധി തടയുന്നതിനുള്ള പ്രഥമ ശുശ്രൂഷയാണ് പ്രാഥമിക ലക്ഷ്യം. പാമ്പ് കടിയേറ്റെന്ന് മനസ്സിലായാൽ ഒരു കാരണവശാലും പരിഭ്രാന്തരാകുകയോ കടിയേറ്റ വ്യക്തിയെ പേടിപ്പിക്കുകയോ ചെയ്യരുത്. പേടിച്ചാൽ രക്തയോട്ടം കൂടുകയും അതുവഴി വിഷം ശരീരത്തിൽ പെട്ടെന്ന് വ്യാപിക്കുകയും ചെയ്യും. ശരീരം അനക്കരുത്. സൗകര്യപ്രദമായി ഇരുത്തുക. ബോധം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ തറയിൽ ചരിച്ചു കിടത്തുക. കടിയേറ്റ വ്യക്തിയെ ഒരു നിരപ്പായ പ്രതലത്തിൽ കിടത്തുക. മുറിവിൽ അമർത്തുകയോ മുറിവുണ്ടാക്കി രക്തം കളയാൻ ശ്രമിക്കുകയോ ചെയ്യരുത്. മുറിവിന് മുകളിലായി കയറോ, തുണിയോ മുറുക്കി കെട്ടേണ്ടതില്ല. ഇത് രക്തയോട്ടം തടസ്സപ്പെടുത്തി കോശങ്ങൾ നശിക്കുന്നതിന് കാരണമാകും. കടിയേറ്റ ആളെ എത്രയും വേഗം ആന്റി സ്നേക്ക് വെനം ലഭ്യമായ അടുത്തുള്ള ആശുപത്രിയിൽ എത്തിക്കേണ്ടതാണ്. പാമ്പുകടിയേറ്റാൽ ശാസ്ത്രീയ ചികിത്സാരീതികൾ മാത്രം പിന്തുടരുക. ശംഖുവരയൻ പാമ്പിന്റെ കടി പലപ്പോഴും വേദനയില്ലാത്തതാണ്. സാധാരണയായി രാത്രിയിൽ നിലത്തു കിടന്നുറങ്ങുന്നവരെയാണ് ഇത് കടിക്കാറുള്ളത്. മിക്കവാറും കടിക്കുന്ന ഭാഗത്ത് വീക്കമോ ചുവന്ന നിറമോ ഉണ്ടാകാറില്ല. പല്ലുകൾ വളരെ ചെറുതായതിനാൽ കടിയേറ്റ പാട് ഒരു കൊതുക് കടിച്ചതുപോലെയോ അല്ലെങ്കിൽ ഒട്ടും കാണാൻ കഴിയാത്ത വിധത്തിലോ ആയിരിക്കും.




## ശംഖുവരയന്റെ കടിയേറ്റാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ

**കണ്ണുകൾ:** കൺപോളകൾ തൂങ്ങുക (നന്നായി ഉറക്കം വരുന്നതുപോലെ തോന്നും), കാഴ്ച മങ്ങുക.



**തൊണ്ട:** ഇറക്കാനുള്ള പ്രയാസം, വായിൽ നിന്ന് നുരയും പതയും വരിക, അല്ലെങ്കിൽ ശബ്ദത്തിൽ മാറ്റം വരിക.

**വയർ:** കഠിനമായ വയറുവേദന അല്ലെങ്കിൽ വയറുരച്ചിൽ (ഇത് വെള്ളിക്കെട്ടൻ കടിച്ചാൽ കാണുന്ന സാധാരണ ലക്ഷണമാണ്, എന്നാൽ പലപ്പോഴും ആളുകൾ ഇത് തിരിച്ചറിയാറില്ല).

**ശ്വാസകോശം:** ശ്വാസമെടുക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുക. ഇതാണ് ഏറ്റവും അപകടകരമായ ഘട്ടം.

## മൂർഖൻ പാമ്പിന്റെ കടി ഏറ്റാൽ ഉണ്ടാകുന്ന ലക്ഷണങ്ങൾ



മൂർഖൻ പാമ്പിന്റെ വിഷം ശരീരത്തിലെ നാഡീവ്യവസ്ഥയെയും പേശികളുടെ പ്രവർത്തനത്തെയുമാണ് നേരിട്ട് ബാധിക്കുന്നത്. വിഷബാധയുടെ ആദ്യ ലക്ഷണങ്ങളിലൊന്നായി കൺപോളകൾ തൂങ്ങിപ്പോകുന്നു. കാഴ്ച മങ്ങുന്നതിനും ഇത് കാരണമാകാറുണ്ട്. ശ്വസന തടസ്സം, വിഴുങ്ങാനുള്ള പ്രയാസം, നാക്കിലെയും തൊണ്ടയിലെയും പേശികൾ തളരുന്നത് മൂലം സംസാരിക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയും ഉമിനീർ ഇറക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു.

## പാമ്പുകടിയേറ്റാൽ അടിയന്തര സഹായം ഉറപ്പാക്കാനായി വനം വകുപ്പിന്റെ 'സർപ്പ' ആപ്പ്

പാമ്പുകടിയേറ്റാൽ അടിയന്തര സഹായം ഉറപ്പാക്കാനായി കേരള വനംവകുപ്പ് സജ്ജമാക്കിയ ആപ്പാണ് 'സർപ്പ' (SARPA-Snake Awareness Rescue and Protection App). പാമ്പുകളെക്കുറിച്ചുള്ള ബോധവൽക്കരണം, ശാസ്ത്രീയ രീതിയിലുള്ള രക്ഷപ്പെടുത്തൽ, വിദഗ്ധ ചികിത്സ എന്നിവ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നു. പാമ്പിനെ കാലുടൻ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യുന്നതോടെ വനംവകുപ്പിന്റെ പരിശീലനം ലഭിച്ച അംഗീകൃത വോളിയർമാരുടെ സേവനം ലഭ്യമാകും. ഇത് പാമ്പുകളെ ഉപദ്രവിക്കാതെ സുരക്ഷിതമായി പിടികൂടി കാട്ടിലേക്ക് അയക്കാൻ സഹായിക്കുന്നു. അടിയന്തര സാഹചര്യങ്ങളിൽ ജീവൻ രക്ഷിക്കാനുള്ള നിർണ്ണായക വിവരങ്ങളും സർപ്പ ആപ്പ് കൈമാറുന്നുണ്ട്. പാമ്പുകടിയേറ്റാൽ ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചുള്ള ശാസ്ത്രീയമായ മാർഗനിർദ്ദേശങ്ങളും ആപ്പിൽ ലഭിക്കും. കൂടാതെ, ഏറ്റവും അടുത്തുള്ള ഏത് ആശുപത്രിയിലാണ് ആന്റിവെനം ലഭ്യമായിട്ടുള്ളതെന്ന് തത്സമയം കണ്ടെത്താനുള്ള സൗകര്യവും ആപ്പിൽ ലഭിക്കും. പാമ്പ് കടിയേൽക്കുന്ന സാഹചര്യത്തിൽ ഉടനടി ശരിയായ ചികിത്സ നൽകേണ്ടതുണ്ട്. കടിയേറ്റ രക്തത്തിൽ കലർന്ന പാമ്പിൻവിഷം നിർവീര്യമാക്കാൻ അടിയന്തിരമായി നൽകുന്ന ആന്റിവെനത്തിന് മാത്രമേ കഴിയൂ. ഈ സൗകര്യങ്ങൾ ലഭ്യമായ ആശുപത്രികളുടെ ലിസ്റ്റ് SARPA ആപ്പിൽ ലഭ്യമാണ്.

# കൊതുകുജന്യ രോഗപ്രതിരോധം; കീടനാശിനികളുടെ ജിഎസ്ടി കുറയ്ക്കണമെന്ന് ആവശ്യം

**കൊച്ചി:** കൊതുകുജന്യ രോഗങ്ങൾക്കെതിരെയുള്ള പോരാട്ടം ശക്തമാക്കുന്നതിനായി വീട്ടുപയോഗ കീടനാശിനികളുടെ ജിഎസ്ടി നിരക്ക് 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറയ്ക്കണമെന്ന് ഇവൈ ഹിക്ക (ഹോം ഇൻസെക്ട് കൺട്രോൾ അസോസിയേഷൻ) റിപ്പോർട്ട് ശുപാർശ ചെയ്തു. പൊതുജനാരോഗ്യത്തിന് അത്യാവശ്യം എന്ന പേരിൽ പുറത്തിറക്കിയ ഈ സംയുക്ത റിപ്പോർട്ട് ഉയർന്ന നികുതി എങ്ങനെ സാധാരണക്കാരുടെ ആരോഗ്യ സുരക്ഷയെ ബാധിക്കുന്നു എന്നും വ്യക്തമാക്കുന്നു. 2025 സെപ്റ്റംബറിന് ശേഷം മറ്റ് പല അവശ്യ ശുചിത്വആരോഗ്യ സംരക്ഷണ ഉൽപ്പന്നങ്ങളുടെയും നികുതി കുറച്ചപ്പോഴും വീട്ടുപയോഗ കീടനാശിനികൾ ഇപ്പോഴും 18 ശതമാനം നികുതി സ്ലാബിലാണ് തുടരുന്നത്. ഉയർന്ന വില ഗ്രാമീണ മേഖലയിൽ ഇവയുടെ ഉപയോഗം കുറയാനും കൊതുകുജന്യ രോഗങ്ങൾ വർധിക്കാനും ഇടയാകുന്നുണ്ട്.ജിഎസ്ടി നിരക്ക് 5 ശതമാനമായി കുറയ്ക്കുന്നതിനൊപ്പം ജിഎസ്ടി ചട്ടക്കൂടിന് കീഴിൽ ഈ ഉൽപ്പന്നങ്ങളെ വ്യക്തമായി തരംതിരിക്കുന്നത് വഴി വ്യാജ ഉൽപ്പന്നങ്ങളെ തടയാനും ഇന്ത്യയുടെ രോഗപ്രതിരോധ സംവിധാനത്തെ ശക്തിപ്പെടുത്താനും സഹായിക്കുമെന്നും റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

# അയ്യപ്പൻകോവിലിൽ ശ്രീമദ് ഭാഗവത സപ്താഹയജ്ഞം സമാപിച്ചു

**കൊച്ചി:** എറണാകുളം ശ്രീ അയ്യപ്പൻ കോവിലിൽ കഴിഞ്ഞ ഏഴു ദിവസമായി നടന്നുവന്ന ശ്രീമദ് ഭാഗവത സപ്താഹയജ്ഞം സമാപിച്ചു. യജ്ഞാചാര്യൻ വിമൽ വിജയ് കന്യാകുമാരിയുടെ നേതൃത്വത്തിലായിരുന്നു സപ്താഹം നടന്നത്.

നൂറുകണക്കിന് ഭക്തരാണ് ദിവസേന യാജ്ഞശാലയിൽ എത്തിയത്. ദിവസവും അന്നദാനവും ഉണ്ടായിരുന്നു. സ്വർഗാരോഹണം വിശേഷാൽ പൂജയോടെയാണ് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം സമാപിച്ചത്. ശ്രീനാരായണ ധർമസമാജം പ്രസിഡന്റ് സി എം ശോഭനൻ, സെക്രട്ടറി പി ഐ രാജീവ്, ദേവസ്വം മാനേജർ ഇ രാജീവൻ എന്നിവർ നേതൃത്വം നൽകി. കൊച്ചി നഗരസഭ ഡെപ്യൂട്ടി മേയർ ദീപക് ജോയിയാണ് സപ്താഹയജ്ഞം ഉദ്ഘാടനം ചെയ്തത്. വരാഹാവതാരം, ഋഷഭാവതാരം ഭദ്രകാളി പ്രാദുർഭാവം, നരസിംഹാവതാരം, ശ്രീരാമാവതാരം, ശ്രീകൃഷ്ണാവതാരം, രുഗ്മിണീ സ്വയംവരം, കുചേല സദ്ഗതി, സ്വർഗാരോഹണം വിശേഷാൽ പൂജകളും നടന്നു.



*അയ്യപ്പൻകാവ് ശ്രീ അയ്യപ്പൻകോവിലിലെ ശ്രീമദ് ഭാഗവത സപ്താഹ യജ്ഞത്തിന്റെ ഭാഗമായി നടന്ന രുഗ്മിണീ സ്വയംവര ഘോഷയാത്രയ്ക്ക് ശ്രീ നാരായണ ധർമസമാജം പ്രസിഡന്റ് സിഎം ശോഭനൻ, സെക്രട്ടറി പി. ഐ രാജീവ് എന്നിവർ നേതൃത്വം നൽകുന്നു.*

സൊസൈറ്റി ടുഡേ
SOCIETY TODAY

# മെഴ്സിഡസ് ബെൻസിന്റെ സിഎൽഎ ബിഇവി ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി:** മെഴ്സിഡസ് ബെൻസിന്റെ പുതിയ സിഎൽഎ ബിഇവി ഇലക്ട്രിക് സെഡാൻ ഇന്ത്യയിൽ അവതരിപ്പിച്ചു. സിഎൽഎ 250 പ്ലസ് ലോഞ്ച് എഡിഷൻ, സിഎൽഎ 250 പ്ലസ് ലോംഗ് റേഞ്ച് എഎംജി ലൈൻ, സിഎൽഎ 200 സ്റ്റാൻഡേർഡ് റേഞ്ച് പ്രോഗ്രസീവ് ലൈൻ എന്നിങ്ങനെ മൂന്ന് വകഭേദങ്ങളിലാണ് സിഎൽഎ ബിഇവി പുറത്തിറക്കിയത്. ഇതിനു പുറമെ ഇന്ത്യയിൽ ആദ്യമായി ഹൈ വോൾട്ടേജ് ബാറ്ററി റിപ്പോർട്ട് അവതരിപ്പിച്ച് ഇലക്ട്രിക് വാഹനങ്ങളിൽ കൂടുതൽ വ്യക്തതയും ഉപഭോക്തൃ വിശ്വാസവും ഉറപ്പാക്കാനും മെഴ്സിഡസ് ബെൻസ് ലക്ഷ്യമിടുന്നു. പുതിയ എംഎംഎ പ്ലാറ്റ്ഫോമിൽ നിർമിച്ച സിഎൽഎ ബിഇവി 800വോൾട്ട് ആർക്കിടെക്ചറാണ് ഉപയോഗിക്കുന്നത്. 240കെഡബ്ല്യൂ ഡിസി ഫാസ്റ്റ് ചാർജർ ഉപയോഗിച്ച് സിഎൽഎ 250 പ്ലസ് മോഡൽ 20 മിനിറ്റിൽ 400 കിലോമീറ്റർ റേഞ്ച് വരെ ചാർജ് ചെയ്യാം. സിഎൽഎ 200 മോഡൽ 320 കിലോമീറ്റർ റേഞ്ച് വരെയും ചാർജ് ചെയ്യാം. സിഎൽഎ 250 പ്ലസ് ലോംഗ് റേഞ്ച് പതിപ്പിന് ഡബ്ല്യൂഎൽടിപി പ്രകാരം 792 കിലോമീറ്റർ വരെ റേഞ്ച് ലഭിക്കും. പൂജ്യത്തിൽ നിന്നും 100 കിലോമീറ്റർ വരെ വേഗം കൈവരിക്കാൻ 6.7 സെക്കൻഡ് മാത്രം മതി. എംബി.ഒഎസ് ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ പ്രവർത്തിക്കുന്ന മെഴ്സിഡസ് ബെൻസിന്റെ ആദ്യ മോഡലും സിഎൽഎ




ബിഇവിയാണ്. നാലാം തലമുറ എംബിയുഎക്സ് സംവിധാനവും ചാറ്റ് ജിപിറ്റി 4, എംഎസ് ബിംഗ്, ജെമിനി എന്നിവ സംയോജിപ്പിച്ചുള്ള വർച്ചൽ അസിസ്റ്റന്റും ഗൂഗിൾ മാപ്പും ഇതിലുണ്ട്. എൻവിഡിഐഎ ചിപ്പുകൾ ഉപയോഗിക്കുന്ന ഈ വാഹനത്തിന് സെക്കൻഡിൽ 508 ട്രില്യൺ ഓപ്പറേഷനുകൾ വരെ കംപ്യൂട്ടിംഗ് ശേഷിയുണ്ടെന്നാണ് കമ്പനി അവകാശപ്പെടുന്നത്.

അഡാസ് ലെവൽ 2 സിസ്റ്റം സ്റ്റാൻഡേർഡായി ലഭിക്കുന്ന സിഎൽഎ ബിഇവി ഒടിഎ അപ്ഡേറ്റുകൾ വഴി എൽ2 പ്ലസ് ലേക്ക് അപ്ഗ്രേഡ് ചെയ്യാവുന്നതാണ്. ഇന്ത്യൻ റോഡുകൾക്ക് അനുയോജ്യമായ സസ്പെൻഷൻ സംവിധാനമാണ് വാഹനത്തിലുള്ളത്. രാജ്യത്തുടനീളം 9,000ത്തിലധികം ചാർജിംഗ് പോയിന്റുകളുള്ള എംബി. ചാർജ് പബ്ലിക് നെറ്റ്വർക്ക് സിഎൽഎ ബിഇവി ഉപഭോക്താക്കൾക്ക് ലഭ്യമാണ്. മെഴ്സിഡസ് ബെൻസ് ഫിനാൻഷ്യൽ സർവീസസിന്റെ സ്റ്റാർ അജിലിറ്റി പദ്ധതിയിലൂടെ 59% വരെ ബൈബാക്ക് മൂല്യവും 62,000രൂപ മുതലുള്ള ഇഎംഐയും 6.99% പലിശ നിരക്കിലും വാഹനം ലഭിക്കും. 8 വർഷം അല്ലെങ്കിൽ 1.6 ലക്ഷം കിലോമീറ്റർ വരെ ബാറ്ററി വാറന്റിയും 60,000രൂപ മുതൽ ആരംഭിക്കുന്ന സർവീസ് പാക്കേജുകളും കമ്പനി വാഗ്ദാനം ചെയ്യുന്നു. ഹീറ്റ് പ്രൊട്ടക്ഷൻ കോട്ടിംഗുള്ള പനോരാമിക് സൺറൂഫ് ഉൾപ്പടെ നിരവധി ആധുനിക സവിശേഷതകളും സിഎൽഎ ബിഇവിയിലുണ്ട്. സിഎൽഎ ബിഇവി ലോഞ്ച് എഡിഷന് 64 ലക്ഷം രൂപയും സിഎൽഎ 250+ ലോംഗ് റേഞ്ചിന് 59 ലക്ഷം രൂപയും സിഎൽഎ 200 സ്റ്റാൻഡേർഡ് റേഞ്ചിന് 55 ലക്ഷം രൂപയുമാണ് പ്രാരംഭ വില.

# ചാർട്ടർ ദിനം ആഘോഷിച്ച് ഇന്ത്യൻ ജിയോടെക്നിക്കൽ സൊസൈറ്റി



**കൊച്ചി:** ഇന്ത്യൻ ജിയോടെക്നിക്കൽ സൊസൈറ്റി കൊച്ചി ചാപ്റ്ററിന്റെ പതിനെട്ടാമത് ചാർട്ടർ ഡേ ആഘോഷവും ഫെലിസിറ്റേഷൻ സെറിമണിയും കലൂർ ഐ എം എ ഹൗസിൽ എറണാകുളം ജില്ലാ കലക്ടർ ജി പ്രിയങ്ക ഉദ്ഘാടനം ചെയ്തു.

ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ മുൻ ദേശീയ പ്രസിഡന്റും സി വി സി സി ചെയർമാനുമായ ചെറിയാൻ വർക്കി വിശിഷ്ടാതിഥിയായിരുന്നു.

ഐ എസ് എസ് എം ജി ഇ ഏഷ്യ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ ജിയോടെക്നിക്കൽ സൊസൈറ്റി ദേശീയ പ്രസിഡന്റ് ഡോ. അനിൽ ജോസഫിനെ ചടങ്ങിൽ ആദരിച്ചു. സമൂഹത്തിന് സംഭാവനകൾ നൽകുന്ന സംഘടനകളാണ് വളരുകയെന്ന് കലക്ടർ ജി പ്രിയങ്ക പറഞ്ഞു. പ്രൊഫഷണൽ അനുഭവ പരിചയത്തിലൂടെ സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ഇന്ത്യൻ ജിയോടെക്നിക്കൽ സൊസൈറ്റി കൊച്ചി ചാപ്റ്റർ മികച്ച പ്രവർത്തനങ്ങളാണ് നടത്തുന്നതെന്നും കലക്ടർ ചൂണ്ടിക്കാട്ടി. അറിവിനോടുള്ള ദാഹവും അച്ചടക്കവും എൻജിനിയറിംഗ് രംഗത്ത് ഉയരാനുള്ള ആഗ്രഹവുമാണ് പുതിയ മേഖലകൾ നേടിയെടുക്കാൻ വഴിയൊരുക്കുന്നതെന്ന് മുഖ്യപ്രഭാഷണത്തിൽ ചെറിയാൻ വർക്കി പറഞ്ഞു.

ഒറ്റയ്ക്ക് ചെയ്യുന്നതിനേക്കാൾ വളരെ കൂടുതൽ കാര്യങ്ങൾ കൂട്ടായി ചെയ്യാനാവുമെന്നും ഒറ്റയ്ക്ക് ചെയ്യാനാവാത്തവ പോലും ഒന്നിച്ച് പൂർത്തിയാക്കാനാവുമെന്നും ആദരവിനുള്ള മറുപടി പ്രസംഗത്തിൽ ഡോ. അനിൽ ജോസഫ് പറഞ്ഞു. തന്റെ നേട്ടം വഴികാട്ടിയവർക്കും പിന്തുണച്ചവർക്കും തന്നിൽ വിശ്വാസം അർപ്പിച്ചവർക്കും സമർപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ചെയർമാൻ മനോജ് മാത്യു അധ്യക്ഷത വഹിച്ചു. ഹോണററി സെക്രട്ടറി എ വി എസ് ചക്രവർത്തി, എ പി സിംഗ്, പാട്രൻ ഡോ. ബാബു ടി ജോസ്, ഡോ. മൻദീപ് സുബേദി, ബെന്നി മാത്യു, എം ഡി നായർ, എന്നിവർ പ്രസംഗിച്ചു.

# സൊമാനി സെറാമിക്സ് പുതിയ ലോഗോ അനാച്ഛാദനം ചെയ്തു




**കൊച്ചി:** ആഗോളതലത്തിലെ പ്രമുഖ ടൈൽ നിർമാതാക്കളും ഇന്ത്യയിൽ ടൈൽസ്, ബാത്ത്വെയർ, ഹോം ആൻഡ് ബിൽഡിംഗ് സൊല്യൂഷനുകൾ എന്നിവയിൽ മുൻനിരയിലുള്ളതുമായ സൊമാനി സെറാമിക്സ് ലിമിറ്റഡ് പുതിയ ബ്രാൻഡ് ഐഡന്റിറ്റി അനാച്ഛാദനം ചെയ്തു. ഹോം ആൻഡ് ബിൽഡിംഗ് സൊല്യൂഷനുകൾക്കായുള്ള ഒരു വൺ സ്റ്റോപ്പ് ഡെസ്റ്റിനേഷനിലേക്കുള്ള പരിണാമത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണിതെന്നു കമ്പനി അറിയിച്ചു.

പുതിയ ലോഗോ കമ്പനിയുടെ വളർന്നുകൊണ്ടിരിക്കുന്ന പോർട്ട്ഫോളിയോയുമായി യോജിക്കുന്നതും ഒരു സമ്പൂർണ്ണ ഹോം സൊല്യൂഷൻസ് ദാതാവ് എന്ന നിലയിൽ അതിന്റെ പങ്ക് പരിഷ്കരിക്കുന്നതുമാണെന്നും സൊമാനി സെറാമിക്സ് അറിയിച്ചു. കമ്പനിയുടെ 55 വർഷത്തെ യാത്രയിലെ നിർണായക നിമിഷമാണ് ഈ പുതിയ ഐഡന്റിറ്റിയെന്ന് സൊമാനി സെറാമിക്സ് എംഡിയും സിഇഒയുമായ അഭിഷേക് സൊമാനി പറഞ്ഞു.

സ്ഥിരമായ ബ്രാൻഡ് അനുഭവം സൃഷ്ടിക്കുന്നതിനും ആർക്കിടെക്റ്റുകളുമായും ഡിസൈനർമാരുമായും ഇടപഴകൽ ശക്തിപ്പെടുത്തുന്നതിനും റീട്ടെയിൽ, പാക്കേജിംഗ്, കമ്മ്യൂണിക്കേഷൻ പ്ലാറ്റ്ഫോമുകൾ, ഡിജിറ്റൽ ഇന്റർഫേസുകൾ എന്നിവയിലുടനീളം പുതിയ ഐഡന്റിറ്റി വ്യാപിപ്പിക്കുമെന്നും കമ്പനി അറിയിച്ചു.

# രജിസ്ട്രേഷൻ ഏപ്രൽ 30 വരെ

**തിരുവനന്തപുരം:** സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പച്ചമലയാളം സർട്ടിഫിക്കറ്റ് കോഴ്സിന് 2026 ഏപ്രിൽ 30 വരെ രജിസ്റ്റർ ചെയ്യാം. താല്പര്യമുള്ള 17 വയസ്സ് പൂർത്തിയായവർ www.literacymission.org എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് എറണാകുളം ജില്ലാ സാക്ഷരതാ മിഷൻ ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0484–2426596

# ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റിന് തുടക്കമായി



**കൊച്ചി:** ഇൻഫോപാർക്കിലെ ഐടി ജീവനക്കാർ പങ്കെടുക്കുന്ന ഇൻഫോപാർക്ക് ഫുട്ബോൾ ടൂർണമെന്റിന് തുടക്കമായി. തൃക്കാക്കര ബി.എം.സി സ്പോർട്സ് ഫുട്ബോൾ ടർഫിൽ നടക്കുന്ന മത്സരങ്ങൾ കാൽപൈൻ ഗ്രൂപ്പ് ജനറൽ മാനേജർ (ഫിനാൻസ് ആൻഡ് ഓപ്പറേഷൻസ്) ജോൺ മാത്യു ഉദ്ഘാടനം ചെയ്തു.

ഇൻഫോപാർക്കുമായി സഹകരിച്ച് കാൽപൈൻ ഗ്രൂപ്പാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഐടി മേഖലയിലെ പിരിമുറുക്കവും ജോലി സമ്മർദ്ദവും ലഘൂകരിക്കുന്നതിനോടൊപ്പം ജീവനക്കാരുടെ ഫുട്ബോൾ കഴിവുകളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യവും ടൂർണമന്റിനുണ്ട്. പുരുഷന്മാർക്കായി സെവൻസ് ഫുട്ബോളും വനിതകൾക്കായി ഫൈവ്സ് ഫുട്ബോൾ മത്സരങ്ങളുമാണ് ഒരുക്കിയിരിക്കുന്നത്.

മൂന്നു ലക്ഷം രൂപയോളമാണ് ടൂർണമെന്റിലെ സമ്മാനത്തുക. ടൂർണമെന്റിന്റെ ആദ്യ ഘട്ടമായ ലീഗ് മത്സരങ്ങൾ മെയ് 9 വരെ തൃക്കാക്കര ബി.എം.സി ഫുട്ബോൾ ടർഫിൽ നടക്കും. ലീഗ് ഘട്ടത്തിന് ശേഷം നോക്കൗട്ട് മത്സരങ്ങൾ മെയ് 14 മുതൽ മെയ് 23 വരെ ഇൻഫോപാർക്ക് എക്സ്പ്രസ് വേയ്ക്ക് സമീപമുള്ള യുണൈറ്റഡ് സ്പോർട്സ് സെന്ററിലാണ് അരങ്ങേറുന്നത്. വൈകിട്ട് 6 മുതൽ രാത്രി 10 വരെയാണ് മത്സരങ്ങൾ.

വാരാന്തങ്ങളിലും പ്രവൃത്തിദിവസങ്ങളിലുമായിട്ടാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇൻഫോപാർക്കിന്റെ കൊച്ചി ഫേസ് ഒന്ന്, രണ്ട്, തൃശൂർ, ചേർത്തല തുടങ്ങിയ കാമ്പസുകളിൽ നിന്നുള്ള വിവിധ കമ്പനികളിലെ ടീമുകൾ മൈതാനത്ത് ഏറ്റുമുട്ടും.

# കുടുംബശ്രീ പ്രവർത്തനങ്ങൾ പഠിക്കാൻ ഒഡീഷ മിഷൻ ശക്തി സംഘം എറണാകുളത്ത്



എറണാകുളം: കേരളത്തിലെ കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി ഒഡീഷ സംസ്ഥാനത്തെ മിഷൻ ശക്തി (Mission Shakti), സുബർണപൂർ ജില്ലാ സംഘാംഗങ്ങൾ എറണാകുളം ജില്ലയിലെ കുടുംബശ്രീ മിഷൻ സന്ദർശിച്ചു.

2026 ഏപ്രിൽ 25-ന് നടന്ന സന്ദർശനത്തിന്റെ ഭാഗമായി സംഘം എറണാകുളം ജില്ലാ മിഷൻ ഓഫീസ് സന്ദർശിച്ച് ജില്ലാ മിഷൻ ടീമുമായി ആശയവിനിമയം നടത്തി. കൂടിക്കാഴ്ചയിൽ കുടുംബശ്രീയുടെ വിവിധ പ്രവർത്തനങ്ങൾ വിശദമായി അവതരിപ്പിക്കുകയും അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. തുടർന്ന് കെ-ഫോർ കെയർ, സ്വാന്തനം മിത്രം, ഹരിത കർമ്മ സേന തുടങ്ങിയ പദ്ധതികളെക്കുറിച്ച് വിശദമായ അവതരണം നടന്നു. വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനരീതി, നേട്ടങ്ങൾ, സമൂഹത്തിൽ ഉണ്ടാക്കുന്ന സ്വാധീനം എന്നിവ സംഘം വിശദമായി അവലോകനം ചെയ്തു.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ റ്റി. എം. റെജീന പദ്ധതികളുടെ ആസൂത്രണം മുതൽ നടപ്പാക്കൽ വരെയുള്ള ഘട്ടങ്ങൾ വിശദീകരിച്ചു. കുടുംബശ്രീയുടെ സംഘടനാ ഘടന, സമൂഹാടിസ്ഥാനത്തിലുള്ള ഇടപെടലുകൾ, വനിത ശാക്തീകരണ പ്രവർത്തനങ്ങൾ, വരുമാനോത്പാദന പദ്ധതികൾ തുടങ്ങിയവയും അവതരിപ്പിച്ചു. ഇതിനൊപ്പം വിവിധ പദ്ധതികൾ വഴി കൈവരിച്ച നേട്ടങ്ങൾ, മികച്ച പ്രവർത്തന മാതൃകകൾ, മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കാവുന്ന സാധ്യതകൾ എന്നിവയും സംഘം പങ്കുവെച്ചു.

സന്ദർശനത്തിന്റെ ഭാഗമായി സംഘം എടത്തല ന്യൂട്രിമിക്സ് യൂണിറ്റും അങ്കമാലിയിലെ പ്രീമിയം കഫെയും സന്ദർശിച്ച് സംരംഭങ്ങളുടെ പ്രവർത്തനരീതി നേരിട്ട് മനസ്സിലാക്കി. ജില്ലാ പ്രോഗ്രാം മാനേജർമാരായ കെ. എം അനൂപ്, പി. എ. അജിത് എന്നിവർ സംഘത്തെ അനുഗമിച്ചു.

സംഘത്തിന്റെ പഠനസന്ദർശനം ഇനി രുദിവസം കൂടി ജില്ലയിൽ തുടരുമെന്ന് അധികൃതർ അറിയിച്ചു. കേരളത്തിലെ കുടുംബശ്രീ മാതൃക മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പഠനത്തിന്റെ ഭാഗമായാണ് ഈ സന്ദർശനം സംഘടിപ്പിച്ചത്.

# ഐഡിഎഫ്സി ഫസ്റ്റ് ബാങ്കിന് സ്ഥിരതയുള്ള വളർച്ച

**കൊച്ചി:** ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് ക്യൂ 4 എഫ് വൈ 26ൽ സ്ഥിരതയാർന്ന സാമ്പത്തിക പ്രകടനം രേഖപ്പെടുത്തി. റിപ്പോർട്ട് ചെയ്ത ലാഭം 319 കോടി രൂപയായപ്പോൾ, അസാധാരണ സംഭവത്തെ ഒഴിവാക്കിയാൽ ലാഭം വർഷാന്തരമായി 145% വർധിച്ച് 746 കോടി രൂപയായി.

ഹൗസിംഗ് ലോൺ, വാഹന വായ്പ, ഉപഭോക്തൃ വായ്പ തുടങ്ങിയ പ്രധാന മേഖലകളിൽ ശക്തമായ വളർച്ച കൈവരിച്ചു. ക്രെഡിറ്റ് കാർഡുകളുടെ എണ്ണം 4.5 മില്യൺ പിന്നിട്ടു, വെൽത്ത് മാനേജ്മെന്റ് ബിസിനസും വളർന്നു. എൻപിഎ നിരക്കുകൾ കുറഞ്ഞതോടെ ആസ്തി ഗുണനിലവാരം മെച്ചപ്പെട്ടു. ഒരുതവണ സംഭവിച്ച ആഘാതം ഉണ്ടായിരുന്നുവെങ്കിലും, നിക്ഷേപ വളർച്ചയിൽ ആത്മവിശ്വാസത്തോടെ മുന്നേറുകയാണെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി.

# വെസ്പയുടെ 80–ാം വാർഷികം; രണ്ട് പുതുമോഡലുകൾ അവതരിപ്പിച്ചു




**കൊച്ചി:** വെസ്പയുടെ 80-ാം വാർഷികത്തോട് അനുബന്ധിച്ച് ഇന്ത്യയിൽ രണ്ട് പുതിയ സ്കൂട്ടറുകൾ അവതരിപ്പിച്ചു. വെസ്പ 1946-ൽ പുറത്തിറക്കിയ ആദ്യ വെസ്പയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ വെസ്പ ടെക് 80-ന്റെ 125സിസി, 150സിസി സ്കൂട്ടറുകൾ കമ്പനി അവതരിപ്പിച്ചത്. വെസ്പയുടെ ലോഗോയ്ക്കൊപ്പം 80 എന്ന ബാഡ്ജ് സ്കൂട്ടറിൽ പതിച്ചിട്ടുണ്ട്.

ആദ്യകാല വെസ്പ മോഡലുകളെ ഓർമ്മിപ്പിക്കുന്ന വെർഡെ പാസ്റ്റെലോ ഗ്രീൻ പെയിന്റ് ആണ് ടെക് 80-ാമത് എഡിഷനുകൾക്ക് നൽകിയിട്ടുള്ളത്. ഇതുവരെ കമ്പനി ഇറ്റാലിയൻ സ്റ്റൈലും ചാരുതയും പേറുന്ന 160-ൽ അധികം വ്യത്യസ്ത മോഡലുകൾ പുറത്തിറക്കിയിട്ടുണ്ട്. ആ കാലാതീതമായ സ്റ്റൈലിനേയും ചാരുതയേയും 80-ാം വാർഷിക മോഡലുകളിൽ കമ്പനി ഏറ്റവും മികച്ച ടെക്നോളജികളുമായി സംയോജിപ്പിക്കുന്നു.

# കല്യാണി പ്രിയദർശനുമായി കൈകോർത്ത് പ്ലം

**കൊച്ചി:** പ്രമുഖ ചർമ്മസംരക്ഷണ ബ്രാൻഡുകളിലൊന്നായ പ്ലം നടി കല്യാണി പ്രിയദർശനുമായി പങ്കാളിത്തം പ്രഖ്യാപിച്ചു. സിനിമയിലും ജീവിതത്തിലും കല്യാണി പുലർത്തുന്ന ആധികാരികതയും സമർപ്പണവും ഈ പങ്കാളിത്തത്തെ കൂടുതൽ ആവേശകരമാക്കുന്നുവെന്ന് പ്ലം സ്ഥാപകനും സിഇഒയുമായ ശങ്കർ പ്രസാദ് വ്യക്തമാക്കി. ലളിതവും സത്യസന്ധവുമായ രീതിയിൽ യഥാർത്ഥ ഫലങ്ങൾ നൽകുന്ന പ്ലമ്മിന്റെ പ്രവർത്തനരീതിയാണ് തന്നെ ആകർഷിച്ചതെന്നും, ഈ കാഴ്ചപ്പാട് പങ്കിടുന്ന ഒരു ബ്രാൻഡിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും കല്യാണി പ്രിയദർശൻ പ്രതികരിച്ചു.

# ആക്സിസ് ബാങ്കിന് 7,071 കോടി രൂപ അറ്റാദായം

**കൊച്ചി:** ആക്സിസ് ബാങ്ക് 2026 സാമ്പത്തിക വർഷത്തിൽ നാലാം ത്രൈമാസത്തിൽ 7,071 കോടി രൂപയുടെ അറ്റാദായമാണ് രേഖപ്പെടുത്തിയത്. ഇത് ത്രൈമാസാടിസ്ഥാനത്തിൽ 9 ശതമാനം വളർച്ചയാണ്.നിക്ഷേപങ്ങളിലും വായ്പകളിലുംത്രൈ തമാസാടിസ്ഥാനത്തിൽ 6 ശതമാനം വളർച്ച രേഖപ്പെടുത്തി. വായ്പാ വളർച്ച വാർഷികാടിസ്ഥാനത്തിൽ 19 ശതമാനം വളർച്ച കൈവരിച്ചു. ആകെ നിക്ഷേപം വാർഷികാടിസ്ഥാനത്തിൽ 14 ശതമാനം വർദ്ധിച്ചു. കാസ നിക്ഷേപം ത്രൈമാസാടിസ്ഥാനത്തിൽ 7 ശതമാനം വർദ്ധിച്ചു. അറ്റ പലിശ വരുമാനം വാർഷികാടിസ്ഥാനത്തിൽ 5 ശതമാനം വർദ്ധിച്ചു. ഫീ വരുമാനം ത്രൈമാസാടിസ്ഥാനത്തിൽ 8 ശതമാനം വർദ്ധിച്ചു കോർപ്പറേറ്റ് വായ്പകൾ വാർഷികാടിസ്ഥാനത്തിൽ 38 ശതമാനവും ത്രൈമാസാടിസ്ഥാനത്തിൽ 10 ശതമാനവും വളർച്ച രേഖപ്പെടുത്തി. ഇതിൽ മിഡ്കോർപ്പറേറ്റ് വിഭാഗം വാർഷികാടിസ്ഥാനത്തിൽ 33 ശതമാനം വർദ്ധനവ് കൈവരിച്ചു. എസ്എംഇ വായ്പകൾ വാർഷികാടിസ്ഥാനത്തിൽ 24 ശതമാനവും ത്രൈമാസാടിസ്ഥാനത്തിൽ 6 ശതമാനവും വളർന്നു.

നാലാം ത്രൈമാസത്തിൽ ബാങ്ക് ഏകദേശം 10 ലക്ഷം പുതിയ ക്രെഡിറ്റ് കാർഡുകൾ വിതരണം ചെയ്തു. ഈ മേഖലയിൽ 14 ശതമാനം വിപണി വിഹിതം നിലനിർത്താൻ ബാങ്കിനായി. ഉപഭോക്താക്കളുടെ ഡിജിറ്റൽ സുരക്ഷയ്ക്കായി 'സേഫ്റ്റി സെന്റർ', എസ്എംഎസ് ഷീൽഡ് എന്നീ സംവിധാനങ്ങൾ ബാങ്ക് അവതരിപ്പിച്ചുവെന്ന് ആക്സിസ് ബാങ്ക് എംഡിയും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡ്യൂക്കിനും അഡ്വഞ്ചറിനും വില കുറച്ച് കെ.ടി.എം.



**കൊച്ചി:** 390 ഡ്യൂക്ക്, 390 അഡ്വഞ്ചർ മോഡലുകളുടെ വില കുറച്ച് ലോകത്തിലെ ഒന്നാം നമ്പർ പ്രീമിയം മോട്ടോർസൈക്കിൾ ബ്രാൻഡായ കെ.ടി.എം. ഇരുമോഡലുകളിലും 350 സി.സി എഞ്ചിനും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കെ.ടി.എം 390 ഡ്യൂക്ക് എക്സ് ഷോറൂം വിലയായ 2,77,268 രൂപയിലും 390 അഡ്വഞ്ചർ 2,80,905 രൂപ എക്സ് ഷോറൂം വിലയിലും (ഡൽഹി) ലഭ്യമാകും. ഇരുമോഡലുകളും 399 സി.സി സെഗ്മെന്റിലും ലഭ്യമാണ്.
350 സിസിയിൽ താഴെ എഞ്ചിൻ ശേഷിയുള്ള ഇരുചക്ര വാഹനങ്ങൾ 18 ശതമാനം ജിഎസ്ടി വിഭാഗത്തിൽ ഉൾപ്പെട്ടതിനാലാണ് ഈയൊരു വിലക്കുറവിന് കാരണമായിരിക്കുന്നത്.

കെ.ടി.എം 390 ഡ്യൂക്ക്, 390 അഡ്വെഞ്ചർ എന്നിവയുടെ 350 സിസി എഞ്ചിൻ വേരിയന്റുകൾ കെ.ടി.എം റെഡി ടു റേസ് സവിശേഷത നിലനിർത്തിക്കൊണ്ടാണ് പുറത്തിറക്കിയിരിക്കുന്നത്. രണ്ട് മോഡലുകളും 41.5 പി.എസ് പവർ, 33.5 എൻ.എം ടോർക്ക്, ഒരേ വീൽബേസ്, ഗ്രൗണ്ട് ക്ലിയറൻസ്, സാങ്കേതികവിദ്യ, റൈഡിംഗ് എർഗണോമിക്സ് എന്നിവയിലൂടെ റേഞ്ചിന്റെ പൂർണ പെർഫോമൻസ് നൽകുന്നവയാണ്. സിറ്റി റൈഡിനായി ഏറ്റവും കൃത്യതയോടെയാണ് 390 ഡ്യൂക്ക് നിർമിച്ചിരിക്കുന്നതെങ്കിൽ മികച്ച ടൂറിംഗ് ശേഷിയും യഥാർത്ഥ ഓഫ്-റോഡ് അനുഭവവും പ്രധാനം ചെയ്യുന്ന രീതിയിലാണ് 390 അഡ്വഞ്ചറിന്റെ രൂപകൽപന. നിലവിലുള്ള എല്ലാ 399 സി.സി വേരിയന്റുകളും 390 ഡ്യൂക്ക് ആർ, 390 അഡ്വഞ്ചർ എസ്, 390 അഡ്വഞ്ചർ എക്സ്, 390 അഡ്വഞ്ചർ ആർ എന്നിവ മാറ്റമില്ലാതെ തുടരും. മികച്ച പവർ ബൈക്കിന്റെ അനുഭവം കൂടുതൽ ഉപഭോക്താക്കളിലേക്ക് എത്തിക്കുക എന്നതാണ് വില കുറച്ചതിലൂടെ കമ്പനി ലക്ഷ്യമിടുന്നതെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് പ്രോ-ബൈക്കിങ് പ്രസിഡന്റ് മണിക് നംഗിയ അഭിപ്രായപ്പെട്ടു.

# തിരുവനന്തപുരം മുതൽ ടോക്യോവരെ: ഏഷ്യൻ ഡെസ്റ്റിനേഷനുകൾ തിരഞ്ഞ് ഇന്ത്യൻ യാത്രക്കാർ

**കൊച്ചി:** ഇന്ത്യൻ സഞ്ചാരികൾ ഏഷ്യൻ രാജ്യങ്ങളിലേക്കുള്ള യാത്രകൾക്ക് കൂടുതൽ മുൻഗണന നൽകുന്നതായി എയർബിഎൻബി പുറത്തു വിട്ട പുതിയ ഡാറ്റ വ്യക്തമാക്കുന്നു. ജപ്പാൻ, ദക്ഷിണ കൊറിയ, തെക്കുകിഴക്കൻ ഏഷ്യയിലെ പ്രധാന നഗരങ്ങളായ ടോക്യോ, ഒസാക, ബുസാൻ എന്നിവിടങ്ങളിലേക്കുള്ള തിരച്ചിൽ ഗണ്യമായി ഉയർന്നിട്ടുണ്ട്. അതേസമയം ആഭ്യന്തര വിനോദസഞ്ചാര കേന്ദ്രങ്ങളായ തിരുവനന്തപുരം, പുരി, ജയ്പൂർ, മേഘാലയ എന്നിവിടങ്ങളും ശ്രദ്ധേയമായ വളർച്ച രേഖപ്പെടുത്തി. പ്രത്യേകിച്ച് തിരുവനന്തപുരം 90 ശതമാനത്തിലധികം വളർച്ചയോടെ മുന്നിൽ നിൽക്കുന്നത് ശ്രദ്ധേയമാണ്. കൊറിയൻ പോപ്പ് സംസ്കാരവും ജാപ്പനീസ് പൈതൃകവും, വ്യത്യസ്ത ഭക്ഷണ അനുഭവങ്ങളും, എളുപ്പമുള്ള യാത്രാസൗകര്യവും ഈ പ്രവണതയ്ക്ക് പിന്നിലെ പ്രധാന ഘടകങ്ങളായി വിലയിരുത്തപ്പെടുന്നു. കൂടാതെ ജെൻ സി വിഭാഗം യാത്രാ തിരച്ചിലിൽ മുന്നിൽ നിൽക്കുന്നതും ശ്രദ്ധേയമാണ്.

## ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോടുകൂടി ഒരു വർഷം, 6 മാസം, 3 മാസം ദൈർഖ്യമുള്ള ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠന കേന്ദ്രങ്ങളിലേക്ക് ഇന്റേൺഷിപ്പോടുകൂടി റെഗുലർ പാർടൈം ബാചുകളിലേക്ക് എസ് എസ് എൽ സി ,പ്ലസ് ടു, ഡിഗ്രീ പാസ്സായവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഫോൺ : 7994926081.

# ബ്രിട്ടാനിയ ചീസ് – കാരമൽ ഡിപ്പ്ഡ് ക്രഞ്ചി ലെയേർഡ് സാൻഡ്‌വിച്ച് പുറത്തിറക്കി

**കൊച്ചി:** പ്രമുഖ ആഗോള ബിസ്ക്കറ്റ് കമ്പനിയായ ബ്രിട്ടാനിയ ചീസ് ഡിപ്പ്ഡ് ക്രഞ്ചി ലെയേർഡ് സാൻഡ്‌വിച്ച്, കാരമൽ ഡിപ്പ്ഡ് ക്രഞ്ചി ലെയേർഡ് സാൻഡ്‌വിച്ച് എന്നീ രണ്ട് പുതിയ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി. 50 ശതമാനം ക്രഞ്ചിയും 50 ശതമാനം മെൽറ്റിയുമായിട്ടുള്ളതാണ് പുതിയ ബിസ്ക്കറ്റുകളെന്ന് കമ്പനി അറിയിച്ചു. 22 ബേക്ക്ഡ് ലെയറുകൾ ഉപയോഗിച്ച് നിർമ്മിച്ച് ചീസും കാരമലും കൊണ്ട് പൊതിഞ്ഞ ഈ ക്രഞ്ചിയായ ബിസ്ക്കറ്റിലെ ചീസും കാരമാലും അതിനെ അലിയിക്കുന്നതായി കമ്പനി അറിയിച്ചു.




ഇന്ത്യയിൽ ഇന്ന് എങ്ങനെ ലഘുഭക്ഷണം കഴിക്കുന്നു എന്ന് നോക്കുമ്പോൾ, ഉപഭോക്താക്കൾ തങ്ങളുടെ പ്രിയപ്പെട്ട ഉൽപ്പന്നങ്ങൾ ആസ്വദിക്കാൻ കൂടുതൽ നൂതനവും ആകർഷകവുമായ വഴികൾ തേടുകയാണെന്ന് ബ്രിട്ടാനിയയിലെ മാർക്കറ്റിംഗ് വൈസ് പ്രസിഡന്റ് സിദ്ധാർത്ഥ് ഗുപ്ത പറഞ്ഞു. കാരമൽ ആൻഡ് ചീസ് ഡിപ്പ്ഡ് ലെയേർഡ് സാൻഡ്‌വിച്ചുകളുടെ ലോഞ്ചിലൂടെ, 50-50 എന്ന ആശയം രുചിക്കപ്പുറം ടെക്സ്ചറിലൂടെ പ്രകടിപ്പിക്കുന്നതായും അദ്ദേഹം പറഞ്ഞു.

50-50-ന്റെ ക്രിക്കറ്റുമായുള്ള ദീർഘകാല ബന്ധത്തെ ശക്തിപ്പെടുത്തിക്കൊണ്ട്, ബ്രാൻഡ് ഋഷഭ് പന്തും ജെമിമ റോഡ്രിഗസും അഭിനയിക്കുന്ന ഒരു ടിവി പരസ്യചിത്രവും കമ്പനി പുറത്തിറക്കിയിട്ടുണ്ട്.


